പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4870 | 24. 07.2015- ൽ മറുപടി നല്കേണ്ടത്. |
|---|---|

## ഭക്ഷ്യവസ്തുക്കളിലെ വിഷാംശം .

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | **ശ്രീ. വി. എസ്. ശിവകുമാർ** (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | പഴംപച്ചക്കറി, മറ്റ് ഭക്ഷ്യവസ്തുക്കൾ എന്നിവയിലെ വിഷാംശങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള ലാബുകൾ എല്ലാ ജില്ലകളിലും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; | എ) | ഭക്ഷ്യ സാമ്പിളുകൾ പരിശോധിക്കുന്നതിനായി അനലറ്റിക്കൽ ലാബുകൾ സ്ഥാപിക്കുന്നത് വമ്പിച്ച സാമ്പത്തിക ചെലവുണ്ടാക്കുന്ന വിഷയമാണ് ആയതുകൊണ്ടുതന്നെ എല്ലാ ജില്ലകളിലും അനലറ്റിക്കൽ ലാബുകൾ സ്ഥാപിക്കുകയെന്നുള്ളത് നിലവിലെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയിൽ പ്രയോഗികമല്ല. അത്തരമൊരു സാഹചര്യംകൂടി കണക്കിലെടുത്ത് സർക്കാർ ഉടമസ്ഥതയിലും പൊതുമേഖലയിലും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏതാനും അനലിറ്റിക്കൽ ലാബുകളെയും ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ശേഖരിക്കുന്ന സാമ്പിളുകൾ പരിശോധിക്കുന്നതിനായി 29.6.2015ലെ ജി.ഓ.ആർ.ടി.നം.2013/2015 എന്ന ഉത്തരവിലൂടെ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ